# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ദൈവത്തിലുള്ള പ്രത്യാശ രോഗാവസ്ഥയിൽ ആനന്ദം പകരും




പ്രത്യാശ സന്തോഷം നൽകുമെന്ന് പാപ്പാ ഫ്രാൻസിസ് ആഹ്വാനം ചെയ്തു. ഒക്ടോബർ 28-ാം തീയതി ബുധനാഴ്ച രാവിലെ വത്തിക്കാനിൽ പതിവുള്ള പൊതു കൂടിക്കാഴ്ചാ പ്രഭാഷണത്തിനു മുൻപ്, അവിടെ സമ്മേളിച്ച രോഗികൾക്കായി പോൾ ആറാമൻ ഹാളിൽ പ്രത്യേകമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പാപ്പാ ഇങ്ങനെ ഉദ്ബോധിപ്പിച്ചത്.

രോഗവും അതുമായി ബന്ധപ്പെട്ട ആലസ്യങ്ങളും ക്ലേശകരമാണെങ്കിലും, എല്ലാം ദൈവത്തിനു സമർപ്പിച്ച് മുന്നോട്ടു നീങ്ങണമെന്നും, പ്രത്യാശ കൈവെടിയാതെ രോഗവും വേദനയും ഉൾക്കൊള്ളാനായാൽ, അത് ജീവിതത്തിൽ സന്തോഷം പകരുമെന്നും പാപ്പാ അവരെ ഉദ്ബോധിപ്പിച്ചു.

രോഗികളായവരെ ജയിലിൽ അടച്ചതല്ലെന്ന് നർമ്മരസത്തിൽ പറഞ്ഞ പാപ്പാ, മഴ കാരണമാണ് അവരെ ഹാളിൽ പ്രത്യേകമായി കാണുവാൻ ഏർപ്പാടാക്കിയതും,അവിടെ എത്തിച്ചതുമെന്ന് വ്യക്തമാക്കി.

നന്മ നിറഞ്ഞ മറിയമേ, എന്ന പ്രാർത്ഥന അവർക്കൊപ്പം ഉരുവിട്ട പാപ്പാ അപ്പസ്തോലിക ആശീർവ്വാദം നൽകിയശേഷമാണ് ചത്വരത്തിലെ പൊതുകൂടിക്കാഴ്ചാ പ്രഭാഷണവേദിയിലേക്ക് മഴയെ വെല്ലുവിളിച്ചും തുറന്ന പേപ്പൽ വാഹനത്തിൽ യാത്രയായത്.